&

(ബി) ഉണ്ടെങ്കിൽ യാതൊരു മാനദണ്ഡവുമില്ലാതെ സ്ഥലം മാറ്റുന്ന നടപടി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഇല്ല. നിലവിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ചാണ് സ്ഥലംമാറ്റം നൽകിവരുന്നത്.

കുറ്റ്യാടി മണ്ഡലത്തിൽ എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവം

401 (5126) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസീയർ എന്നീ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂന്നാംതരം ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല*.

(ബി) എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവംമൂലം വിവിധ പദ്ധതികളിലായുള്ള പ്രവൃത്തികളുടെ നിർവ്വഹണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

&

(സി) ഇത് വാർഷിക പദ്ധതി ചെലവിനെയും എം.എൽ.എ.ഫണ്ട്, റീബിൽഡ് കേരള, സി.എം.എൽ.ആർ.ആർ.പി. എന്നീ സ്കീമുകളുടെ പ്രവൃത്തി നടത്തിപ്പിനെയും ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ; ഡി.പി.സി. ചേർന്ന് പ്രൊമോഷൻ നടത്തുന്നതിന് നിലവിൽ പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021 ജൂൺ മാസം വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ ഡിപിസി കൂടി നികത്തിയിട്ടുണ്ട്.

ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കൽ

402 (5127) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരിഗണനയിലില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രൊബേഷൻ

403 (5128) ശ്രീ. ടി. സിദ്ദിഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടും ബൈട്രാൻസ്ഫർ മുഖേനയും നിയമനം ലഭിക്കുന്നവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതു സംബന്ധിച്ച സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത റൂൾ ഏതാണെന്നും ആയത് എന്നാണ് നിലവിൽ വന്നതെന്നും വ്യക്തമാക്കാമോ?

ഉണ്ട്. 16-2-2011 തീയതിയിലെ സ.ഉ.(അ)44/2011/തസ്വഭവ. നമ്പർ ഉത്തരവ്.

(ബി) പ്രസ്തുത തസ്തികയിലേക്ക് നേരിട്ടും ബൈട്രാൻസ്ഫർ മുഖേനയും നിയമനം ലഭിക്കുന്നവർ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് ഏതെല്ലാം ടെസ്റ്റുകളാണ് വിജയിക്കേണ്ടതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനുമുമ്പ് ഒരു ഉദ്യോഗാർത്ഥി പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനാവശ്യമായ ടെസ്റ്റുകൾ വിജയിച്ചിട്ടുണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം വീണ്ടും പ്രസ്തുത ടെസ്റ്റുകൾ വിജയിക്കേണ്ടതുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly